# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : * 498

02.07.2013ൽ

മറുപടിക്ക്.

### ഇൻകലിന് അടിസ്ഥാന വികസനത്തിന് നടപടികൾ

**ചോദ്യം**

ശ്രീ. പി. റ്റി. എ. റഹീം
ശ്രീ. എം. എ. ബേബി
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

എ) ഇൻകലിന്റെ അടിസ്ഥാന വികസനം സംബന്ധിച്ച് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

എ) ഈ സർക്കാർ അധികാരം ഏറ്റ ശേഷം ഇൻകൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മലപ്പുറത്ത് എഡ്യൂസിറ്റി തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്. ഇൻകലും എൻ.റ്റി.റ്റി.എഫും ചേർന്ന് സംയുക്ത ട്രെയിനിങ്ങ് സെന്റർ ജൂലൈയിൽ പ്രവർത്തന ക്ഷമമാകും. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സ്ഥലം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. English & Foreign Language University (EFLU)-ക്ക് വേണ്ട സ്ഥലം നൽകി.
2. അങ്കമാലിയിൽ 2,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വ്യവസായ-വാണിജ്യ സമുച്ചയം പൂർത്തിയാക്കി. ഇവിടെ വ്യവസായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ തുടരുന്നു.
3. വല്ലാർപാടത്ത് 19 ഏക്കറിൽ 75 കോടി രൂപ മുതൽ മുടക്കിയുള്ള കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ ഈ വർഷം അവസാനം പൂർത്തിയാകും. ഇൻകലിന്റെ നേതൃത്വത്തിലുള്ള സംയുക്ത സംരംഭമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ബി) ഇൻകലിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ഏത് രീതിയിലാണ് സ്വരുപിക്കുന്നതെന്നും

ബി) ഇൻകലിന്റെ പ്രവർത്തനത്തിനാവശ്യമായ ധനം സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള ഓഹരി ഉടമകളിൽ നിന്നുമാണ്

ഇപ്പോൾ ഇൻകലിന്റെ ആസ്തി ബാദ്ധ്യതകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

സമാഹരിച്ചിട്ടുള്ളത്. 31.03.2013-ലെ ഓഡിറ്റഡ് ബാലൻസ് ഷീറ്റ് പ്രകാരം ഇൻകെലിന്റെ മൊത്തം ആസ്തി 154.66 കോടി രൂപയാണ്.

സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇൻകലിന് ലഭിച്ചതെന്നും ഇവയിലെല്ലാം കൂടി എത്ര കോടിയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ?

സി) ഈ സർക്കാർ അധികാരം ഏറ്റ ശേഷം ഇൻകലിന് താഴെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

1. കെ.എസ്.ഐ.ഇ - ഇൻകൽ സംയുക്ത സംരഭമായി കെ.എസ്.ഐ.ഇ. യുടെ തിരുവനന്തപുരത്തുള്ള 1.26 ഏക്കർ സ്ഥലത്ത് ഷോപ്പിങ്ങ് മാൾ കം ഓഫീസ് സമുച്ചയം സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
2. തിരുവനന്തപുരത്ത് Personal Rapid Transit (PRT) നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും പ്രാരംഭ പഠനത്തിനുള്ള ചുമതല ഇൻകെലിന് നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ